ലക്കം 33
ജൂൺ 2023

# Ishal Paithrkam

*Quarterly*

# ഇശൽ പൈതൃകം

ത്രൈമാസിക

Volume 33
June 2023

Mahakavi Moyinkutty Vaidyar
Mappila Kala Akademi
Department of Cultural Affairs
Government of Kerala-India

ISSN:2582-550X

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC Listed
Quarterly
Bilingual
Issue: 33
Online issue: 18
June: 2023
all rights reserved

ഇശൽ പൈതൃകം
ത്രൈമാസിക
ലക്കം: 33
2023 ജൂൺ
പകർപ്പാവകാശം: പ്രസാധകർക്ക്

ചീഫ് എഡിറ്റർ
ഡോ. ഹുസൈൻ രണ്ടത്താണി

എഡിറ്റർ
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

അസോസിയേറ്റ് എഡിറ്റർ
ഡോ. അനീസ് ആലങ്ങാടൻ

Individual Price : Rs.500/-

എഡിറ്റോറിയൽ ബോർഡ്
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**Editor**
Dr. Shamshad hussain. KT

Printed @
LIPI Offset
Malappuram

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

പ്രസാധകർ
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

www.mappilakalaacademy.org
www.ishalpaithrkam.info

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

copyright rests with the publisher. the authors are responsible for the contents and views expressed.

ISSN:2582-550X

Exploring the Identity crisis in Mahasweta Devi's Novel *The glory of Sri Sri Ganesh* 86
*Sheeba Parvez & Dr. Zeba Siddiqui*

The Epistemology of Trauma and 9/11 Literature in Mohsin Hamid's Novel: *The Reluctant Fundamentalist.* 101
*Mr. Sidhique P & Dr.Zainul Abid Kotta*

Problems and Prospects of Contract Labour: Implications and Challenges for Trade Unions in BSNL. 118
*Vinod P.K*

Reading *Sahasrapoornima(1977)*: A Glimpse of Thiyya Reformation under Colonialism 132
*Dr. UV Shakkeela*

ഇമ്മാനുവേൽ ലെവിനാസ്: മാനവാനന്തരതയിലെ ധാർമികത 139
*പി.പവിത്രൻ*

വിവർത്തന സാഹിത്യത്തിലെ മലയാള-അറബി പാരസ്പര്യം 151
*ഡോ. മൊയ്തീൻ കുട്ടി എ.ബി*

മലയാളനോവലും ഡയസ്പൊറ ജീവിതങ്ങളും 163
*ഡോ. അശോക് ഡിക്രൂസ്*

പ്രാദേശിക ചരിത്രനിർമ്മിതി വിലാപ്പുറങ്ങൾ എന്ന നോവലിൽ 181
*മഞ്ജു കെ.ആർ*

ഗവേഷണം: സ്വരൂപവും ചരിത്രബന്ധങ്ങളും 195
*ഡോ.സോമലാൽ ടി.എം*

# CONTENTS

Editorial: Uniform Civil Code 07
*Prof.(Dr) Shamshad Hussain KT*
ഏകസിവിൽകോഡ്
ഡോ. ഷംഷാദ് ഹുസൈൻ

Affirming Self and Space: The Question of Caste, Land and Resilience in *Chengara Samaravum Ente Jeevithavum* 11
*Dimple M. Scaria & Dr. Sheeba K*

Theorising the Digital Public Sphere: An Analytical Study of the Possibilities and Challenges of Digital Counterpublics 18
*Dr. Najeeb. P.M*

Transcending Gender Boundaries: A Mapping of the Alternative Masculinities of Lord Krishna 30
*Sabitha Zacharias & Dr. Lima Antony*

Negotiating the National Space: Exclusionary Instincts of Modern India and the Dalit Resistance: A Reading of Sujatha Gidla's *Ants Among Elephants: An Untouchable Family and The Making of Modern India.* 39
*Dr P. J. Sajin*

Fatphobia in Disney Movies: Implications and Imprints on Children's Wellbeing 50
*Anju Maria Sebastian & Dr.Anjana Sankar S*

The Expansion of British Capitalism in the Economy of Travancore 59
*Dr. Subhash. S*

Race in Human Rights: A Critical Discourse Analysis of the textbook *Zeitgeist* 71
*Hamda Hanan & Dr. Mufeeda T*

ISSN:2582-550X

# മലയാളനോവലും ഡയസ്പൊറ ജീവിതങ്ങളും

ഡോ. അശോക് ഡിക്രൂസ്

*മലയാളനോവലിലെ ഡയസ്പൊറ ജീവിതങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുകയും പ്രവാസസാഹിത്യത്തിൽനിന്ന് അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് അടയാളപ്പെടുത്തുകയുമാണ് ഈ പ്രബന്ധത്തിന്റെ പ്രധാനലക്ഷ്യം. അതോടൊപ്പം ഡയസ്പൊറയുടെ ചരിത്രവും സൗന്ദര്യശാസ്ത്രവും അന്വേഷണ വിധേയമാക്കുന്നുമുണ്ട്.*

**താക്കോൽ വാക്കുകൾ:** മലയാളനോവൽ, ഡയസ്പൊറ, ഡയസ്പൊറിക് സൗന്ദര്യശാസ്ത്രം, പ്രവാസസാഹിത്യം

**ആമുഖം**

ഹീബ്രുവിലുള്ള ബൈബിൾ പഴയനിയമം ഈജിപ്തിലെ അലക്സാൺഡ്രിയയിലുള്ള ഗ്രീക്ക് ഭാഷ സംസാരിക്കുന്ന ജൂതസമൂഹത്തിനായി വിവർത്തനം ചെയ്തപ്പോൾ ഉടലെടുത്ത പദമാണ് ഡയസ്പൊറ. ഒരിടത്ത് കഴിയുകയും മറ്റൊരിടത്തെക്കുറിച്ച് ഓർമയാൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നവരാണ് ഡയസ്പൊറ. മറ്റൊരു തരത്തിൽ പറഞ്ഞാൽ അപരിചിതമായ ഏതോ ദേശത്തേക്ക് വിവർത്തനം ചെയ്യപ്പെടുന്നവരാണ് ഡയസ്പൊറകൾ. അതുകൊണ്ടുതന്നെ, ഡയസ്പൊറയുടെ ജീവിതത്തിൽ വിവർത്തനം ഒരു ദൈനംദിനപ്രക്രിയയാണ്. മാത്രമല്ല, വിവർത്തനം എന്നത് അവരെ സംബന്ധിച്ചിടത്തോളം അതിജീവനത്തിനുള്ള പോരാട്ടം കൂടിയാണ്. സ്വന്തം ദേശത്തിന്റെ ഭൂപടം നെഞ്ചിലൊളിപ്പിക്കുകയും അതിനെ അത്യന്തം നിഗൂഢമായി താലോലിച്ചുകൊണ്ട്, എത്തപ്പെടുന്ന ഇടങ്ങളിലെല്ലാം സ്വന്തം ദേശഭൂപടത്തിന് അനുരൂപമായ ഇട

ISSN:2582-550X

ങ്ങളുണ്ടായെന്ന് ഓരോ നിമിഷവും അത്യാർത്തിയോടെ പരതിക്കൊണ്ടിരിക്കുകയും ചെയ്യുകയെന്നതാണ് ഓരോ ഡയസ്പൊറകളും ചെയ്യുന്നത്.

സാമാന്യമായി പറഞ്ഞാൽ, ദേശവും ഭാഷയും സംസ്കാരവും പലമട്ടിൽ വിവർത്തനം ചെയ്യപ്പെട്ടതാണ് സ്വദേശത്തുനിന്ന് മാറേണ്ടിവന്നവരുടെ സ്ഥലകാലങ്ങൾ. അവരനുഭവിക്കുന്ന സ്വത്വബോധത്തിൽ ക്രമേണ ഈ അപരദേശബോധം തെളിഞ്ഞുവരും. പിന്നീട്, അഹ (self) ത്തിന്റെ സ്പഷ്ടതയ്ക്ക് പുതിയ വാതായനങ്ങൾ തുറന്നിടാൻ അതൊരു കാരണമാകും. പുതിയ സാഹചര്യത്തോടും സംസ്കാരത്തോടും അനുശീലനം നേടാനും പുതുഭാഷ, പുതുക്രമം, പുതിയ മനുഷ്യർ, പുതിയ കാലാവസ്ഥ, വ്യത്യസ്തസ്വഭാവമുള്ള തൊഴിലിടങ്ങൾ, തികച്ചും അപരിചിതമായ അന്തരീക്ഷം, അഭിരുചികൾ, ഭക്ഷണം എന്നിവയോട് പൊരുത്തപ്പെടാനുമുള്ള മനുഷ്യന്റെ അഭിവാഞ്ഛയാണ് ഇവിടെ പ്രകടമാകുന്നത്. അതുകൊണ്ടുതന്നെ, ഡയസ്പൊറയുടെ സ്വത്വത്തെ വിവരിക്കാൻ ഉപയുക്തമായ ഡയസ്പൊറിക് ശീലങ്ങളും പ്രയോഗങ്ങളും പലതരം ചർച്ചകളെ അഭിമുഖീകരിക്കുന്നു.

**ഡയസ്പൊറ- വാക്കിന്റെ ചരിത്രം**

ബി. സി. ഇ. ആറാം നൂറ്റാണ്ടിൽ (ബി. സി. 598-587) പാലസ്തീനിന്റെ തെക്കൻ മേഖല ബാബിലോണിയൻ ചക്രവർത്തി പിടിച്ചടക്കി. അതിനെത്തുടർന്ന് തെക്കൻ മേഖലയിലെ യഹൂദരും വിദൂരദേശങ്ങളിലേക്കു കുടിയേറിപ്പാർക്കുവാൻ നിർബന്ധിതരായിത്തീർന്നു. അക്കാലത്ത് യഹൂദർ നാടുകടത്തപ്പെട്ടത് ബാബിലോണിയയിലേക്കായിരുന്നു. നാടുകടത്തപ്പെട്ടവരായിരുന്നെങ്കിലും ബാബിലോണിയയിലെ യഹൂദർ തങ്ങളുടെ വംശീയ ഏകത നിലനിർത്തിപ്പോന്നു.

പാലസ്തീൻ പ്രദേശത്തുനിന്ന് വിദേശങ്ങളിലേക്ക് യഹൂദർ നടത്തിയ കുടിയേറ്റങ്ങളെയാണ് ഡയസ്പൊറ (ഡയസ്പെറെ) എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. ചിതറിപ്പോകൽ (Dispersion) എന്നർത്ഥം വരുന്ന ഡയസ്പൊറ (Diaspora) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ഈ പദം രൂപം കൊണ്ടിട്ടുള്ളത്. ഇസ്രായേൽ രാജ്യസ്ഥാപനത്തിന്റെ ആദ്യഘട്ടത്തിൽ യഹൂദർ തങ്ങളുടെ വംശീയ ഏകത (Ethnical Unity) നിലനിർത്തിക്കൊണ്ട് പാലസ്തീനിന്റെ അതിർത്തികൾക്കുള്ളിൽ മാത്രമാണ് കഴിഞ്ഞിരുന്നത്.

വികിരണപ്രവാസം, ചിതറിപ്പോകൽ തുടങ്ങിയ പല

...ർത്ഥങ്ങളിൽ ഈ വാക്ക് ഉപയോഗിക്കപ്പെടുന്നുണ്ട്. അന്യദേശ ...ങ്ങളിലേക്ക് തൊഴിലിനുവേണ്ടി നടത്തുന്ന കുടിയേറ്റങ്ങളെയും ...പ്രവാസം' എന്ന പദംകൊണ്ടാണ് മലയാളത്തിൽ കുറിക്കുന്നത്. ...ജന്മദേശത്തേക്ക് തിരിച്ചുവരുന്ന താൽക്കാലിക കുടിയേറ്റക്കാരാണ് ...ത്തരം പ്രവാസികൾ. ഇതിൽനിന്ന് വ്യത്യസ്തമാണ് ഡയസ്പൊറ ...എന്ന അർഥത്തിലുള്ള പ്രവാസം. ഒരു ദേശത്തിൽ ഉൾപ്പെടുന്നവരോ ...ഒരു പൊതുസംസ്കാരം പങ്കുവെക്കുന്നവരോ ആയ ഒരു ജനത ...പലകാരണങ്ങൾ കൊണ്ട് പല ദേശങ്ങളിലായി ചിതറിപ്പോയി ...അവിടങ്ങളിൽ അധിവസിക്കുന്നവരായിത്തീരുന്ന അവസ്ഥയാണിത്. ...ജൂതരുടെ പ്രവാസമാണ് ഡയസ്പൊറക്ക് മാതൃകയായി എപ്പോഴും ...ചൂണ്ടിക്കാണിക്കപ്പെടുന്നത്. ജൂതർക്ക് മാത്രമല്ല, അറബികൾക്കും ...സ്പാനിയാർഡുകൾക്കും ആഫ്രിക്കക്കാർക്കുമെല്ലാമുണ്ട് ചിതറിപ്പോ...കലിന്റെ നീണ്ട ചരിത്രങ്ങൾ.

## ...യഹൂദരുടെ ഡയസ്പൊറ

റോമാക്കർ പാലസ്തീൻ എന്ന പുനർനാമകരണം നടത്തിയ ...ജൂദായിൽ വളരെ കുറച്ച് ജൂതർ മാത്രമാണ് അവശേഷിച്ചത്. കുറേ ...പേർ പീഡനം സഹിക്കാനാവാതെ പലായനം ചെയ്തു. കുറേപേരെ ...അടിമകളാക്കി വിൽക്കപ്പെട്ടു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന ജൂയിഷ് ...ഡയസ്പെറ അവർ അനുഭവിച്ചത് ഭൗതികമായിട്ടായിരുന്നില്ല, ...ആത്മീയമായിട്ടായിരുന്നു. ജന്മദേശമില്ലായ്മയെക്കുറിച്ചുള്ള ബോധം അവരുടെ വിശ്വാസത്തിന്റെ ഭാഗം കൂടിയായിരുന്നു. പ്രാചീന ഇസ്രായേൽ വിട്ട് ദൂരദേശങ്ങളിൽ താമസിക്കേണ്ടിവന്ന ജൂത സമൂഹങ്ങളെയാണ് ഡയസ്പൊറ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. വിശാലമായ അർഥങ്ങളുള്ള ഡയസ്പൊറ ഒരേസമയം ജീവിതരീതിയും ധൈഷണികമായ ആശയവും ആസ്തിക്യസ്ഥിതിയും മനോനിലയുമാണ്. ആ ജീവിത വിശ്വാസ-പദ്ധതിയിലൂടെയാണ് നൂറ്റാണ്ടുകൾ നീണ്ട പ്രവാസത്തെ ഇസ്രായേൽ ജനത അതിജീവിച്ചത്.

അധ്വാനശീലരായ യഹൂദ കുടിയേറ്റക്കാർ കോളനി സ്ഥാപിച്ചിടത്തെല്ലാം ശക്തരും സമ്പന്നരുമായി മാറി. പാലസ്തീനിലെ യഹൂദർ യാഥാസ്ഥിതികരായി തുടർന്നപ്പോൾ ഡയസ്പൊറക്കാരായ യഹൂദർ കുറേക്കൂടി ഉത്പതിഷ്ണമന സ്ഥിതിയോടെ മറ്റു ജനവിഭാഗങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടു. ഡയസ്പൊറക്കാർ അധികവും ഗ്രീക്കുഭാഷയാണു സംസാരിച്ചിരുന്നത്. ഗ്രീക്കുപേരുകൾ സ്വീകരിച്ച അവരിൽ മിക്കവരും വാണിജ്യ പ്രവർത്തനങ്ങളി

ലാണേർപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ അവർ പലസ്തീനിലെ യഹൂദരെക്കാൾ സമ്പന്നരായി. ഡയസ്പൊറ യഹൂദർ സമ്പത്തിന്റെ പിൻബലം കൊണ്ട് അവർ കഴിഞ്ഞിരുന്ന പ്രദേശങ്ങളിലെ ഭരണാധികാരികളുമായി സൗഹൃദത്തിലായി. അലക്സാൻഡ്രിയയിലാണെങ്കിൽ സ്വദേശികളെക്കാൾ കൂടുതൽ പ്രാമാണ്യം വാണിജ്യരംഗത്തും ഭരണരംഗത്തും ഡയസ്പൊറക്കാർ നേടി. എന്നാൽ സൈനികസേവനത്തിൽ നിന്ന് യഹൂദരെ മാറ്റി നിർത്തുവാൻ റോമൻ ഭരണാധികാരികൾ ശ്രദ്ധിച്ചു. റോമാക്കാരുടെ സൈനിക ചിഹ്നത്തെ വിഗ്രഹങ്ങളായി യഹൂദർ വ്യാഖാനിച്ചതാണ് ഇതിനു കാരണം. ആദ്യകാലങ്ങളിൽ യഹൂദർക്ക് റോമാസാമ്രാജ്യ ത്തിലെ പൗരത്വവും നൽകിയിരുന്നില്ല. എന്നാൽ എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഡയസ്പൊറ യഹൂദർക്ക് റോമൻ പൗരത്വം ലഭിച്ചു.

യവനസംസ്കാരവുമായി ഇണങ്ങിച്ചേർന്നുവെങ്കിലും തങ്ങളുടെ ആധ്യാത്മിക നേതൃത്വമായി ഡയസ്പൊറ യഹൂദർ കണ്ടത് പലസ്തീനിലുള്ള യഹൂദരെയായിരുന്നു. അതിനാൽ, മതപരമായ കാര്യങ്ങളിൽ അവർ എല്ലായ്പ്പോഴും ജെറുസലേമുമായി അടുത്തബന്ധം പുലർത്തി. പലസ്തീനിയൻ എന്നോ ഡയസ്പൊറ എന്നോ ഉള്ള വ്യത്യാസം കൂടാതെ, യഹൂദരെല്ലാം ഒന്നാണെന്ന ചിന്ത വളർത്തുവാൻ ഈ നിലപാട് സഹായിച്ചു. ബലിയർപ്പണമെന്ന പരിപാവനമായ മതാനുഷ്ഠാനം ജെറുസലേം ദേവാലയത്തിൽ മാത്രമേ സാധ്യമാകൂ എന്നയഹൂദ വിശ്വാസം ഡയസ്പൊറയെ ജെറുസലേമുമായി നിരന്തരബന്ധം പുലർത്തുവാൻ പ്രേരിപ്പിച്ചു. ഡയസ്പൊറയിൽ സ്ഥാപിക്കപ്പെട്ട ജൂതദേവാലയങ്ങളെ (Synagogue) സാധാരണ പ്രാർഥനകൾക്കുവേണ്ടി മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. റോമൻ ആക്രമണത്തിന്റെ ഫലമായി ജെറുസലേം തകർന്നതിനു ശേഷവും യഹൂദമതത്തെ നിലനിർത്തുന്ന കാര്യത്തിൽ ഡയസ്പൊറ സിനഗോഗുകൾ ചെറുതല്ലാത്ത പങ്കുവഹിച്ചു.

ഡയസ്പൊറ പ്രദേശങ്ങളിൽ യഹൂദവിരുദ്ധ മനോഭാവം വളർന്നിരുന്നുവെന്നതും ശ്രദ്ധേയമാണ്. യഹൂദകോളനികളിൽ നിലനിന്ന ഒത്തൊരുമയും അവരുടെ സമ്പൽസമൃദ്ധിയും തദ്ദേശവാസികളുടെ മനസ്സിൽ വിദേശികളോടുള്ള ഒരുതരം ഭയം (Xenophobia) വളർത്തി. യഹൂദർ തങ്ങളുടെ മേൽ ആധിപത്യം പുലർത്തിയേക്കുമോ എന്ന ഭയം തദ്ദേശീയർക്കുണ്ടായി. അതിന്റെ ഫലമായി അന്ത്യോഖ്യ, അലക്സാൻഡ്രിയ, കേസറിയ തുടങ്ങിയ നഗരങ്ങളിൽ യഹൂദവിരുദ്ധ ലഹളകൾ ഉണ്ടാവുക പതിവായിരുന്നു.

### ഡയസ്പൊറിക് സൗന്ദര്യശാസ്ത്രം

അധിവസിക്കുന്ന ദേശം പ്രദാനം ചെയ്യുന്ന അവകാശങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ തോന്നുന്ന സ്വാതന്ത്ര്യം പ്രയോഗത്തിൽ എത്തിക്കാൻ പ്രകടനാത്മകമായ മാധ്യമങ്ങളിലൂടെ ഡയസ്പോറ ജീവിതങ്ങൾ നടത്തുന്ന അതിജീവനകലയെ മുൻനിർത്തിയാണ് സൗന്ദര്യശാസ്ത്ര ചർച്ച തുടങ്ങുന്നത്. ബഹുസ്വരതയുടെ സൗന്ദര്യശാസ്ത്രം നിർമ്മിക്കുന്ന സാംസ്കാരിക സൃഷ്ടികൾ ഡയസ്പൊറകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പൊളിച്ചെഴുതാൻ ഉപകരിക്കും. കലാകാരന്മാരും സംഗീതജ്ഞന്മാരും സാഹിത്യകാരന്മാരും പ്രതിനിധീകരിക്കുന്ന ഡയസ്പൊറകളിൽ തീർച്ചയായും അവർ ഒരു മൂന്നാമിടം സൃഷ്ടിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ, സങ്കരസംസ്കൃതിയും പ്രത്യക്ഷപാഠങ്ങളിൽ നിന്നു വേറിട്ട, ജനപ്രിയ സംസ്കാരത്തിന്റെ ഉള്ളടക്കവും കലർന്നതായിരിക്കും ഡയസ്പൊറയുടെ സൗന്ദര്യശാസ്ത്രം.

രാഷ്ട്രത്തിനുള്ളിൽ സംസ്കാരത്തിന്റെ ബദൽ ലോകങ്ങൾ നിർമ്മിക്കുകയാണ് കുടിയേറ്റക്കാർ ചെയ്യുന്നത്. എന്നാൽ, സക്രിയമായി തങ്ങളുടെ ലോകത്തെ/ലോകങ്ങളെ പുനഃസൃഷ്ടിക്കുന്ന പ്രക്രിയ, നഷ്ടപ്പെട്ട അന്തരീക്ഷത്തെ പുനർനിർമ്മിക്കാനോ പകർത്താനോ ഉള്ള ഗൃഹാതുരമായ കേവലകാമനയിൽ നിന്നല്ല രൂപപ്പെടുന്നത്. രാഷ്ട്രത്തിനുള്ളിൽ ബദൽ സാംസ്കാരികത രൂപപ്പെടുന്നതിന് ഉദാഹരണമായി ന്യൂയോർക്ക് നഗരത്തിലെ ഘാനക്കാരുടെ ആരാധനാലയങ്ങളിൽ ഉപയോഗിക്കുന്ന കെന്റി തുണിയുടെ പുനർരൂപമാർജ്ജിക്കലിനെക്കുറിച്ച് ഡെബോറ ജീൻ പാരിഷിന്റെ 'വാക്ക് വിത്ത് മീ' എന്ന കൃതിയുടെ ആമുഖത്തിൽ വിശദമാക്കുന്നുണ്ട്. ഘാനയിൽ നിന്ന് ഇറക്കുമതി ചെയ്ത വസ്ത്രങ്ങളിൽ ചിത്രത്തുന്നലിലൂടെ ചേർത്ത സെലിബ്രിറ്റികളുടെ രൂപങ്ങൾ മാന്ത്രികശക്തി നേടുന്ന പ്രക്രിയയുടെ ഭാഗമായി അവർ രൂപപ്പെടുത്തുന്നു. ന്യൂയോർക്ക് നഗരത്തിലെ തന്നെ സെലിബ്രിറ്റികളുടെ പ്രതികരണമെന്ന നിലയിലുള്ള പരിവർത്തനം കൂടിയാണ് ആ പുനർരൂപമാർജ്ജിക്കൽ. ഇത് ന്യൂയോർക്കിനും ഘാനയ്ക്കുമിടയിൽ ഒരു മൂന്നാമിടം സൃഷ്ടിക്കുന്നു. ലണ്ടനിൽ പ്രവാസികളായി ജീവിക്കുന്ന ഘാനക്കാരുടെ ഇടയിലും സമാനമായ ചില കാര്യങ്ങൾ കാണാൻ കഴിയുമെന്ന് ഈ വിഷയത്തിൽ പഠനം നടത്തിയ മറ്റിയ ഫുമാന്റി 'ദ പൊളിറ്റിക്സ് ഓഫ് ഡിസ്റ്റിംഗ്ഷൻ: ആഫ്രിക്കൻ എലൈറ്റ്സ് ഫ്രം കൊളോണിയലിസം ടു ലിബറേഷൻ ഇൻ എ നമീബിയൻ ഫ്രോണ്ടിയർ ടൗൺ' എന്ന പുസ്തകത്തിൽ പറയുന്നു.

ആഘോഷ ദിവസങ്ങളിൽ മറ്റുള്ളവർക്ക് മുന്നിൽ ആഭിജാത്യവും അന്തസ്സും പ്രദർശിപ്പിക്കുന്നതിനു വേണ്ടി വ്യത്യസ്തവും മനോഹരവുമായ നിറങ്ങളിലുള്ള വസ്ത്രങ്ങൾ ധരിക്കാൻ ഘാനക്കാർ ശ്രദ്ധിക്കാറുണ്ട്.

ബ്രിട്ടനിലെ നോട്ടിംഗ്ഹാം ഹിൽ കാർണിവൽ എന്നത് വെസ്റ്റിൻഡീസുകാർക്ക് വർഷം മുഴുവൻ നീളുന്ന കലാപ്രകടനങ്ങളുടെയും കലാവസ്തു വിപണനത്തിന്റെയും ഫണ്ട് ശേഖരണത്തിന്റെയും വിപുലമായ നെറ്റ്‌വർക്കിംഗുകളുടെയും പൂർത്തീകരണമാണ്. കാർണിവലുകളിൽ വെസ്റ്റിന്ത്യൻ സങ്കരസമൂഹത്തിന്റെ കുത്തൊഴുക്കാണ് കാണാൻ കഴിയുന്നത്. കമ്മ്യൂണിറ്റിഹാളുകൾ സൗന്ദര്യാത്മകമായ ഡയസ്പൊറ ഇടങ്ങളായി പരിവർത്തിക്കപ്പെടും.

ടെൽ അവീവിന്റെ സമീപപ്രദേശങ്ങളിൽ അലങ്കരിച്ച മാമാ മേരി (മേരി മാതാവ്) യുടെ രൂപം എഴുന്നള്ളിച്ചു കൊണ്ടു പോകുന്ന ഫിലിപ്പൈനികളെ കാണാം. സാമൂഹികവും സാമ്പത്തികവുമായ പാർശ്വവൽകൃത ഇടങ്ങളിലായിരിക്കും ഇത് ഉണ്ടാവുക. റാമല്ല എന്ന ഇസ്രയേലി നഗരവും ടെൽ അവീവിലെ സെൻട്രൽ ബസ് സ്റ്റേഷനുമെല്ലാം അവർക്ക് സന്തോഷം പകരുന്ന ഗൃഹസമാനമായ ഇടങ്ങളായി അങ്ങനെ പരിവർത്തിക്കപ്പെടുന്നു. ഒരു ജീവിതകാലം മുഴുവൻ മനസ്സിൽ പേറിനടക്കുന്ന ദേശഭൂപടത്തെ മറ്റൊരിടത്ത് സജീവമായി പുനർനിർമ്മിക്കുന്ന അവസ്ഥാവിശേഷമാണ് ഇത്. മാമാ മേരിയുടെ തിരുസ്വരൂപം എഴുന്നള്ളിക്കുന്ന ചടങ്ങിനോടനുബന്ധിച്ച് ഫിലിപ്പൈനികളായ പ്രവാസികൾ മറ്റുള്ളവർക്ക് സമ്മാനമായി നൽകുന്നതിനുവേണ്ടി ഒറിഗാമികൾ നിർമ്മിക്കുന്നതിലുള്ള വൈദഗ്ധ്യം എടുത്തുപറയേണ്ട ഒന്നാണ്. മാതാവിന്റെ തിരുസ്വരൂപം ഭംഗിയായി അലങ്കരിച്ച ഗാർഹിക അൾത്താരകൾ അവരുടേത് മാത്രമായ വിശുദ്ധ ഇടം സൃഷ്ടിക്കുന്നു. അങ്ങനെ, പാപവും പ്രലോഭനവും വിവേചനവുംകൊണ്ട് മലിനമായ നഗരസ്ഥലികളെ കൂട്ടായ യത്നത്തിലൂടെ പ്രവാസികൾ പവിത്രീകരിക്കുന്നു. മാമാ മേരിയിലൂടെയും ഒറിഗാമി ഹംസങ്ങളിലൂടെയും കനിവ്, അഭയം, സുരക്ഷ എന്നീ പ്രതിരോധ ചിഹ്നങ്ങളെ കുടിയേറ്റക്കാർ മുന്നോട്ടുവയ്ക്കുന്നു. സാംസ്കാരികമായ അവകാശവാദം തന്നെയാണ് ഇത്.

ഇസ്രായേലിലെ ഇന്ത്യൻ ജൂതന്മാർ (Bene Yisrayel) ബോളിവുഡിനെ സാംസ്കാരികമായി അനുവർത്തിക്കുന്നതിനെക്കുറിച്ച് ഗബ്രിയേൽ ഷെനർ പറയുന്നത് ഇങ്ങനെയാണ്: ഒന്നും

രണ്ടും തലമുറയിൽ മാത്രമല്ല മൂന്നാം തലമുറയിലും ബെനെ ഇസ്രയേലിന് ബോളിവുഡ് ഇഷ്ടപ്പെട്ട ഒരു ഉപഭോഗവസ്തുവായി നിലനിൽക്കുന്നു. സിനിമ അവർക്ക് കാണാനുള്ളത് മാത്രമല്ല പാട്ട്, സംഗീതം എന്നിവയിലൂടെ സ്വയം പ്രകാശിപ്പിക്കാനും ഉത്സവാഘോഷങ്ങളിൽ സജീവമാകാനും അവർ ശ്രമിക്കുന്നു. അങ്ങനെ, ഇന്ത്യയുമായി വൈകാരികവും സ്പർശനീയവുമായ ഒരു ബന്ധം സൃഷ്ടിക്കുന്നു.

### ഡയസ്പൊറയും പ്രവാസസാഹിത്യവും

രണ്ടു സംസ്കാരങ്ങൾക്കിടയിൽപെട്ട് സ്വന്തം അസ്ഥിത്വം നഷ്ടപ്പെട്ടുപോകുന്നവന്റെ ആകുലതകളും വേദനകളുമാണ് ഡയസ്പോറ സാഹിത്യത്തിന്റെ ചാലകശക്തി. അതുകൊണ്ടുതന്നെ കുടിയേറ്റത്തിൽ നേരിട്ട് പങ്കാളികളാകുന്ന തലമുറയിൽ നിന്നാണ് ഡയസ്പോറ സാഹിത്യം ഉരുത്തിരിഞ്ഞുവരുന്നത്. എന്തുകൊണ്ടെന്നാൽ, ആ തലമുറ അവരുടെ ബാല്യവും കൗമാരവും പിന്നിട്ടത് മാതൃദേശത്തായതിനാൽ അവരുടെ ഓർമ്മകളും സ്വപ്നങ്ങളും അറിവുകളും ജീവിതരീതി യുമെല്ലാം സ്വദേശവുമായി ബന്ധപ്പെട്ടു കിടക്കുന്നതായിരിക്കും. പിന്നിലാക്കിപ്പോന്ന സ്വന്തം നാടിന്റെയും ജീവിതം നൽകുന്ന ആതിഥേയദേശത്തിന്റെയും ഇടയിൽപെട്ട് അവർ ദ്വന്ദമനസ്സുള്ളവരായി തീരുന്നു. അങ്ങനെ സ്വന്തം ദേശമെവിടെയെന്നും, താൻ ഏതു ദേശക്കാരനാണെന്നും, തന്റെ രാഷ്ട്രീയമെന്തെന്നും, തന്റെ സംസ്കാരം ഏതെന്നുമുള്ള നിരവധി സംശയങ്ങളിൽ നിന്നാണ് ഡയസ്പൊറ സാഹിത്യം ഉണ്ടാവുന്നത്

'ആധുനികകാലത്ത് മൂലധനത്തിന്റെ സഞ്ചാരത്തിന് അനസൃതമായി തൊഴിൽതേടി ലോകത്തെല്ലായിടത്തുമുള്ള ജനത വിവിധ ഭൂപ്രദേശങ്ങളിലേക്ക് നീങ്ങിയതിന്റെ തുടർച്ചയായിട്ടാണ് മലയാളിയും ഗൾഫിലേക്ക് കുടിയേറുന്നത്.. ഇങ്ങനെ വിവിധ ദേശങ്ങളിൽ രൂപപ്പെട്ട പുതിയ 'വംശീയ ഭൂപ്രദേശങ്ങളെ' ഡയസ്പൊറ എന്ന വാക്കുകൊണ്ടാണ് വിശേഷിപ്പിക്കപ്പെടുന്നത് ഒരുപക്ഷേ ലോകത്തിലെ ഏറ്റവും വലിയ ഡയസ്പൊറകളിൽ ഒന്നാവാം ഇരുപതുലക്ഷത്തോളം അംഗസംഖ്യയുള്ള ഗൾഫ് മലയാളി സമൂഹം എന്നു തോന്നുന്നു. മുൻകാലങ്ങളിൽ രാഷ്ട്രീയ പ്രവാസവുമായി ബന്ധപ്പെട്ടാണ് ഡയസ്പൊറ പരാമർശിക്കപ്പെടാറുണ്ടായിരുന്നതെങ്കിൽ ഇന്നത് എല്ലാത്തരം പ്രവാസത്തെയും കുറിക്കാനുപയോഗിക്കുന്ന പദമായിക്കഴിഞ്ഞു. ഏതർത്ഥത്തിലും മലയാളിയുടേത്, പ്രവാസത്തിനു തുല്യമായ കുടിയേറ്റമാണെന്ന

വിവക്ഷയിൽ ഗൾഫ് മലയാളി സമൂഹത്തെയും ഒരു ഡയസ്പൊറയായി എണ്ണാം' എന്ന ബെന്യാമിന്റെ അഭിപ്രായത്തോടു (മണലെഴുത്ത്, ആഗസ്റ്റ് 2019) യോജിക്കാൻ കഴിയില്ല. കാരണം, മലയാളിയുടെ കുടിയേറ്റചരിത്രത്തിന് കേരളത്തേക്കാൾ പ്രായമുണ്ടെങ്കിലും ഇനിയൊരിക്കലും നാട്ടിലെത്താൻ കഴിയില്ലെന്ന ബോധം ഗൾഫ് മലയാളിക്കില്ല. നാടുകടത്തപ്പെട്ടവനെന്ന മുദ്രയും അവനില്ല. ഒരു ഡയസ്പൊറയുണ്ടാവുന്നത് ദേശനഷ്ടത്തി ലൂടെയാണ്. അതിന്റെ ആകുലതകളും സ്വത്വപ്രതിസന്ധികളും മലയാളിയിൽ എങ്ങനെയാണ് സംഭവിക്കുന്നത്. കൊച്ചുബാവയും ശിഹാബുദ്ധീൻ പൊയ്ത്തുംകടവും സിത്താരയും പലപ്പോഴായി പങ്കുവച്ചത് പൊതുമലയാളി സോഷ്യോകൾച്ചറൽ ബോധത്തെ തന്നെയാണ്, പ്രവാസത്തെയല്ല.

ഡയസ്പൊറ സാഹിത്യത്തിൽ നിന്നു വ്യത്യസ്തമാണ് പ്രവാസസാഹിത്യം. പ്രവാസസാഹിത്യത്തിൽ ദേശനഷ്ടം വിഷയമായിക്കൊള്ളണമെന്നില്ല. രണ്ടാം തലമുറയിലെത്തുന്നതോടെ പ്രവാസികൾക്ക് മാതൃദേശമെന്നത് സ്വപ്നം മാത്രമായിത്തീരും. ഒരു പക്ഷേ, ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരിടം. അല്ലെങ്കിൽ വല്ലപ്പോഴുമൊരിക്കൽ പോയിവരാനുള്ള ഇടത്താവളം. അത്തരം സന്ദർഭങ്ങളിൽ മാതൃദേശത്തെ പുനർനിർമ്മിക്കുന്നത് കേട്ടുകേൾവികളിലൂടെയോ കെട്ടുകഥകളിലൂടെയോ ആയിരിക്കും. അത് ഒന്നാം തലമുറയിൽപ്പെട്ട കുടിയേറ്റക്കാരുടെ അനുഭവകഥകളിൽനിന്നു വ്യത്യസ്തവുമായിരിക്കും. അതുകൊണ്ടാണ് ഇന്ത്യയിൽനിന്ന് കുടിയേറി യൂറോപ്പിലും അമേരിക്കയിലും എത്തപ്പെട്ടവരുടെ രണ്ടാംതലമുറയിൽപ്പെട്ട ഝുംപാ ലാഹിരി, ചിത്രാ ദിവാകരി, ശശി ദേശ്പാണ്ഡേ, മീന അലക്സാണ്ടർ, കാവ്യാ വിശ്വനാഥൻ എന്നിവരുടെയൊന്നും രചനകളെ ഡയസ്പൊറ സാഹിത്യമായി വിലയിരുത്താനാവാത്തതും, അതേസമയം അത് മികച്ചപ്രവാസ സാഹിത്യമായി മാറുകയും ചെയ്യുന്നത്. വിദേശനാടുകളിലേക്ക് ചേക്കേറി അന്യഭാഷകൽ എഴുതുന്ന അനിതാ ദേശായ്, വിക്രം സേത്ത്, ഭാരതി മുഖർജി, ശശി തരൂർ, സൽമാൻ റുഷ്ദി, വി. എസ്. നെയ്പോൾ തുടങ്ങിയവർ പ്രവാസ ദുരിതങ്ങളോ ദേശനഷ്ടമോ ഏറെയൊന്നും രചനകൾക്ക് വിഷയമാക്കുന്നില്ല. ഇന്ത്യയിൽ നിന്നെഴുതപ്പെട്ട ആനന്ദിന്റെ 'ആൾക്കൂട്ടങ്ങൾ', കോവിലന്റെ 'ഭരതൻ', വിജയന്റെ 'പ്രവാചകന്റെ വഴി', 'ഗുരുസാഗരം' തുടങ്ങിയവയിൽ സ്വന്തം നാട്ടിൽനിന്ന് ബഹിഷ്കൃതനാക്കപ്പെട്ടവനും ദേശനഷ്ടത്തിന്റെ വിഹ്വലതകളും വരുന്നുണ്ട് എന്നുമാത്രം.

ജന്മദേശംവിട്ടു മറ്റൊരു ദേശത്ത് പല കാരണങ്ങളാൽ എത്തപ്പെടുകയും അവിടെത്തന്നെ ജീവിതം തുടരാൻ വിധിക്കപ്പെടുകയും ചെയ്യുന്നവരൊക്കെ ഏതെങ്കിലുമൊക്കെ വിധത്തിൽ പ്രവാസത്തിന്റെ നൊമ്പരങ്ങൾ പേറാൻ വിധിക്കപ്പെട്ടവരായിരിക്കും. ആനന്ദിന്റെ അപഹരിക്കപ്പെട്ട ദൈവങ്ങൾ (2001), എം. മുകുന്ദന്റെ പ്രവാസം (2008) എന്നിവ പ്രവാസജീവിതം നയിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ മലയാളത്തിന് പരിചയപ്പെടുത്തിയ നോവലുകളാണ്. തൊഴിൽ തേടിയുള്ള മലയാളിയുടെ അലച്ചിലുകളും അതിനിടയിൽ അവൻ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളുമാണ് അപഹരിക്കപ്പെട്ട ദൈവങ്ങൾ പ്രമേയമാക്കിയിരിക്കുന്നത്. പ്രവാസത്തെ ഒരു നാഗരിക യാഥാർത്ഥ്യമായി ചിത്രീകരിക്കാനാണ് പ്രവാസം എന്ന നോവൽ ശ്രമിക്കുന്നത്. ആനന്ദിനും മുകുന്ദനും മുമ്പ് പ്രവാസത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിയത് ഒ. വി. വിജയൻ, വി. കെ. എൻ., കാക്കനാടൻ എന്നിവരുടെ രചനകളായിരുന്നു. ഡൽഹി കേന്ദ്രീകരിച്ചുള്ള രചനകളായിരുന്നു അവരുടേത്. പിന്നീട് രാജ്യത്തിനകത്തും പുറത്തുമായി മലയാളികൾ ഒട്ടേറെ സഞ്ചാരങ്ങളും കുടിയേറ്റങ്ങളും നടത്തി. അക്കൂട്ടത്തിൽ ഗൾഫ് ആയിരുന്നു മലയാളികളുടെ പ്രധാനപ്പെട്ട പ്രവാസഭൂമി.

ദശാബ്ദങ്ങൾക്കുമുമ്പ്തന്നെ മലയാളത്തിൽ പ്രവാസ സാഹിത്യം ചുവടുറപ്പിച്ചെങ്കിലും 2008 ൽ പ്രസിദ്ധീകരിക്കപ്പെട്ട ആടുജീവിതം പ്രവാസനോവൽസാഹിത്യത്തിൽ പുതുഭാവുകത്വത്തിന് വഴിതെളിച്ചു. നൂറു പതിപ്പുകൾ പിന്നിട്ട ബന്യാമിന്റെ പ്രസ്തുത നോവൽ മലയാളിയുടെ വായനാഭിരുചികളെത്തന്നെ മാറ്റിമറിച്ചു. മുല്ലപ്പൂ നിറമുള്ള പകലുകൾ (2014), അൽഅറേബ്യൻ നോവൽ ഫാക്ടറി (2014) എന്നീ ഇരട്ട നോവലുകളും അറേബ്യൻ പശ്ചാത്തലമുള്ള ബെന്യാമിന്റെ നോവലുകളാണ്. അറേബ്യൻ പെൺജീവിതത്തെ അതിന്റെ എല്ലാ തീവ്രതയോടുംകൂടി അവതരിപ്പിക്കുന്ന നോവലാണ് ഖദീജ മുംതാസിന്റ ബർസ. ഇസ്ലാമിക വിശ്വാസങ്ങളുടെ ഒരു തുറന്ന സംവാദം എന്ന നിലയിലും ഈ നോവൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വിദേശ ഇന്ത്യക്കാരായ ദമ്പതികളുടെ കുട്ടി മാതൃദേശത്തെത്തുമ്പോൾ, നഷ്ടമായിപ്പോയ പ്രകൃതിയെ തിരിച്ചു പിടിക്കുന്നതാണ് സോണിയ റഫീഖ് എഴുതിയ ഹെർബേറിയം എന്ന നോവലിന്റെ ഇതിവൃത്തം. പ്രവാസി മലയാളികളുടെ അരക്ഷിതമായ ജീവിതാവസ്ഥകൾ ചിത്രീകരിക്കുന്ന കൃതികളാണ് സാദിഖ് കാവിലിന്റെ ഔട്ട്പാസ് (2014), ഷാർലി ബഞ്ചമിന്റെ ലാബ്രിന്ത് (2017) എന്നിവ.

ആഫ്രിക്കൻ ജീവിതാനുഭവങ്ങളെ ആസ്പദമാക്കി ജുനൈദ് അബൂബക്കർ രചിച്ച നോവലാണ് പൊനോൻ ഗോംബെ (2017). സാൻസിബാറിൽ നിന്നും സൊമാലിയയിലേക്ക് ജോലി തേടിയെത്തുന്ന സുലൈമാൻ ആണ് ഇതിലെ കേന്ദ്രകഥാപാത്രം. സോമാലിയയിലെ മനുഷ്യരുടെ ജീവിതാവസ്ഥകളാണ് ഈ നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. പ്രവാസത്തിന്റെ ആഫ്രിക്കൻ അനുഭവങ്ങളാണ് പൊനോൻ ഗോംബെയിലൂടെ ജുനൈദ് അബൂബക്കർ അവതരിപ്പിക്കുന്നത്.

പ്രവാസത്തിന്റെ അമേരിക്കൻ മുഖം കാണാൻ കഴിയുന്നത് അമേരിക്കയിൽ താമസമാക്കിയ മലയാളികളായ നീനാ പനയ്ക്കൽ, നിർമ്മല, റിനി മമ്പലം എന്നീ നോവലിസ്റ്റുകളിലൂടെയാണ്. അമേരിക്കൻ ജീവിതവും കേരളീയ ജീവിതവും ഒരുപോലെ കഥാപരിസരമാക്കുന്ന എഴുത്തുകാരിയാണ് നീനാ പനയ്ക്കൽ. സ്വപ്നാടനം, മല്ലിക, നിറമിഴികൾ നീലമിഴികൾ എന്നീ നോവലുകളുടെയും പ്രമേയപരിസരം അമേരിക്കയാണ്. കേരളസംസ്കാരത്തിലും അമേരിക്കൻ സംസ്കാരത്തിലും വളരുന്ന ഇരട്ടക്കുട്ടികളുടെ കഥയാണ് സ്വപ്നാടനം. ബീന അമേരിക്കൻ സംസ്കാരത്തിലും ബിന്ദു കേരളസംസ്കാരത്തിലും വളരുന്നു. അമേരിക്കയിൽ ജനിച്ചു വളർന്ന പുതുതലമുറയുടെ പ്രതീകങ്ങളാണ് ഈ രണ്ടു കഥാപാത്രങ്ങളും.

അമേരിക്കൻ ജീവിതത്തിന്റെ വൈവിധ്യവും സങ്കീർണ്ണവുമായ ലോകമാണ് നിർമ്മല പാമ്പും കോണിയും എന്ന നോവലിലൂടെ പരിചയപ്പെടുത്തുന്നത്. ഹാസ്യത്തിന്റെ അടിയൊഴുക്ക് നിർമലയുടെ രചനകളെ വ്യത്യസ്തമാക്കുന്നു. സാൻഡ്‌വിച്ച് തലമുറ എന്ന് വിശേഷിപ്പിക്കപ്പെടുന്ന രണ്ടാം തലമുറയുടെ അവസ്ഥയാണ് നോവലിന്റെ പശ്ചാത്തലം. സ്വന്തം അസ്ഥിത്വം എന്താണെന്നറിയാതെ കുട്ടികൾ പാമ്പിന്റെ വായിലകപ്പെട്ട കുട്ടികൾ ഒരിക്കലും കോണിച്ചുവട്ടിൽഎത്തിച്ചേരാനാവാതെ വിഷമിക്കുന്നു. പാമ്പും കോണിയും എന്ന നോവലിലെ തെയ്യാമ്മ എന്ന കഥാപാത്രം ഭർത്താവ് ഈപ്പനോടൊപ്പം കാനഡയിലെ ഹോട്ടലിൽ കുടുംബവുമൊത്ത് ഭക്ഷണം കഴിക്കുന്നതിനിടയിൽ വായിലേക്കുവച്ച ഭക്ഷണത്തിൽനിന്ന് എന്തെങ്കിലുമൊക്കെ നാക്കുകൊണ്ട് ചികഞ്ഞെടുത്ത് രണ്ടു പല്ലുകൾക്കിടയിൽ വെച്ച് കടിച്ചു കാണിക്കുകയും അത് ഉഴുന്നാണെന്ന് തോന്നുന്നുവെന്നും ഭർത്താവിനോട് പറയുന്നു. ഭർത്താവ് ഒന്നും മിണ്ടാതിരിക്കുമ്പോൾ 'ഉഴുന്നല്ലിയോ' എന്ന് അവർ വീണ്ടും ചോദിക്കുന്നു. പ്രവാസികൾ വ്യക്തികളെന്ന നിലയിലും കൂട്ടമെന്ന

നിലയിലും സ്വയം വിവർത്തനം ചെയ്യപ്പെടുന്ന അവസ്ഥകളിലൊന്നാണ് ഇത്. മൂന്നു കുടുംബങ്ങളുടെ കഥ പറഞ്ഞുകൊണ്ട് അമേരിക്കൻ ജീവിതത്തിന്റെ സങ്കീർണതകൾ അവതരിപ്പിക്കുകയാണ് അവിചാരിതം എന്ന നോവലിലൂടെ റിനി മമ്പലം. മലയാളിയുടെ ദുരഭിമാനത്തെയും പൊങ്ങച്ചത്തെയും അതേപടി പകർത്തുന്ന നിരവധി സന്ദർഭങ്ങൾ ഈ നോവലിൽ കാണാം.

**ഡയസ്പൊറയും മലയാളനോവലും**

'യഥാർത്ഥ്യത്തെക്കുറിച്ചുള്ള മനുഷ്യസങ്കല്പത്തെ അഴിച്ചുപണിത സാഹിത്യരൂപമാണ് നോവൽ' എന്നാണ് ദ പെരിഷബിൾ എംപയർ: എസ്സേസ് ഓൺ ഇന്ത്യൻ റൈറ്റിംഗ് ഇൻ ഇംഗ്ലീഷ് എന്ന പുസ്തകത്തിൽ മീനാക്ഷി മുഖർജി നോവലിനെക്കുറിച്ച് പറയുന്നത്. ഒരുകാലത്തും പുതുമ നഷ്ടപ്പെടാത്ത സാഹിത്യരൂപവും നോവൽ തന്നെ. പ്രമേയത്തിലെ പുതുമകളും അത് പങ്കുവഹിക്കുന്ന സാർവലൗകികതയുമാണ് നോവലിനെ ഇത്രമാത്രം ജനപ്രിയമാക്കുന്നത്. തിരസ്കൃതരുടെ കഥകൾ എല്ലാകാലത്തും നോവലിസ്റ്റുകൾക്ക് പ്രിയപ്പെട്ട പ്രമേയമാണ്. എസ്. കെ. പൊറ്റെക്കാട്ടിന്റെ വിഷകന്യക, എ. പി. ജ്യോതിർമയിയുടെ ക്രൂശിതരുടെ പ്രാർത്ഥനാചക്രം എന്നീ നോവലുകളിലെ ഡയസ്പൊറ ജീവിതങ്ങളെ അടുത്തറിയാനാണ് ഈ ഭാഗത്ത് ശ്രമിക്കുന്നത്. മലയാളനോവലിലെ ഡയസ്പൊറ ജീവിതങ്ങളെ തിരയുമ്പോൾ ആദ്യം ചെന്നെത്തുന്നത് 1948 ഡിസംബറിൽ പുറത്തിറങ്ങിയ വിഷകന്യകയിലായിരിക്കും.

പൊറ്റക്കാടിന്റെ വിഷകന്യക, മരം കോച്ചുന്ന തണുപ്പിനോടും മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് മലബാറിലെ കൃഷിഭൂമികൾ കൃഷിത്തോപ്പുകളാക്കി മാറ്റിയെടുത്ത തിരുവിതാംകൂർ ക്രിസ്ത്യാനികളുടെ ഐതിഹാസികമായ കഥയാണ്. ആധുനിക ഗവൺമെന്റുകൾ രംഗത്തിറങ്ങുന്നതിനുമുമ്പേ തന്നെ ഹരിതവിപ്ലവത്തിന്റെ ബലിവേദിയിൽ ആത്മാഹുതി ചെയ്ത രക്തസാക്ഷികൾ. അനുപമമായ കാവ്യഭംഗിയോടെ അവരുടെ കഥ പറയുന്ന നോവലാണ് വിഷകന്യക. മണ്ണിന്റെ കാവ്യം എന്നു വാഴ്ത്തപ്പെട്ടിരിക്കുന്ന കൃതിയാണിത്, പ്രത്യേകിച്ചൊരു നായകനില്ല ഈ നോവലിൽ. നായികയാകട്ടെ-തന്റെ മാസ്മരമായ ആകർഷണശക്തികൊണ്ട് കർഷകയുവാക്കളെ ആകർഷിച്ചടുപ്പിച്ച് അവരുടെ രക്തമൂറ്റിക്കുടിക്കുന്ന വിഷകന്യകയായ വയനാടൻ വനഭൂമിയാണ്. പ്രകൃതിയും മനുഷ്യനുമായുള്ള ഏറ്റുമുട്ടൽ ഇത്ര ആവേശജനകമായി വർണിക്കുന്ന മറ്റൊരു നോവലും ഇന്ത്യൻഭാഷകളിലുണ്ടെന്നു

തോന്നുന്നില്ല. ആ ക്രൂരപ്രകൃതിയുടെ പ്രതീകമായി മാധവി എന്നൊരുവൾ കർഷകസംഘങ്ങളുടെ പ്രതിനിധിയായി അവശേഷി ക്കുന്ന അന്തോണി എന്ന യുവാവിന്റെ പരിശുദ്ധിക്ക് കളങ്കമേൽപ്പി ക്കുന്ന സംഭവത്തോടെ നോവൽ അന്ത്യഘട്ടത്തിലെത്തുന്നു. സർവസ്വവും നഷ്ടപ്പെട്ട അന്തോണി ആ വിഷകന്യകയെ ഉപേക്ഷിച്ചു നാട്ടിലേക്ക് മടങ്ങുമ്പോൾ അവളുടെ ആശ്ലേഷം കൊതിച്ചു പുതിയ കർഷകസംഘങ്ങൾ വയനാടൻ ഭൂമിയിലേക്ക് വന്നുകൊണ്ടിരിക്കുന്നതായി പ്രസ്താവിച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്. പ്രകൃതിക്കു മുൻപിൽ തലകുനിക്കാത്ത മനുഷ്യപ്രയത്നത്തിന്റെ ഇതിഹാസമാണത്. ഒരു തലമുറ പരാജയപ്പെടുമ്പോൾ പ്രവൃദ്ധവീര്യത്തോടെ അടുത്ത തലമുറ സമരം ഏറ്റെടുക്കാൻ രംഗത്തേക്ക് വരുന്നു എന്ന മാത്യു ഉലകംതറയുടെ നിരീക്ഷണം ശ്രദ്ധേയമാണ്.

കേരളത്തിന്റെ തെക്കുനിന്നും വടക്കുഭാഗത്തേക്ക് പ്രതീക്ഷകളുടെ ഭാണ്ഡവുംപേറി കടന്നുപോകുന്ന ഒരുപറ്റം മനുഷ്യരാണ് വിഷകന്യകയിലെ പ്രധാന കഥാപാത്രങ്ങൾ. വാഗ്ദത്തഭൂമിതേടി മലബാറിലേക്ക് ഇറങ്ങിത്തിരിച്ച നിരവധിയാളു കളെ ഈ കൃതിയിൽ കാണാം. ഉള്ളതെല്ലാം വിറ്റുകിട്ടിയ വകയുമായി പുറപ്പെടുന്നവരാണ് അവർ. ഇനിയൊരു തിരിച്ചുവരവില്ല എന്ന കണക്കുകൂട്ടലിലാണ് അവരുടെ യാത്ര.

*തന്റെ വസ്തുവഹകളെല്ലാം വിറ്റുമാറിയ വകയിൽ മത്തായിക്ക് എണ്ണൂറ്റിയെഴുപതു ബ്രിട്ടീഷ് രൂപ കൈയിൽ കിട്ടിയിട്ടുണ്ടായി രുന്നു. അഞ്ചു പെട്ടികൾ നിറയെ സാമാനങ്ങളും നാലു പിള്ളരും വില്ക്കാതെ ബാക്കി നിർത്തിയിട്ടുണ്ട്. അവയെയുംകൊണ്ട് നാലു കൂട്ടുകാരോടൊപ്പം അവൻ പുറപ്പെട്ടുനില്ക്കുകയാണ്. പരസ്പരബന്ധം വിട്ടുപോയ കമ്പികളും നരച്ചു പിഞ്ഞിയ ശീലയും ചൂടിക്കയർകൊണ്ടു കൂട്ടിക്കെട്ടിയ ഒരു ശീലക്കുടയും കക്ഷത്തിലിറുക്കി ചില്ലുടഞ്ഞ് പല്ലിളിച്ചുകാട്ടുന്ന ഒരു പഴയ കമ്പിറാന്തൽ കൈയിൽ തൂക്കി മത്തായി അധോമുഖനായി പടിയിറങ്ങി - പിന്നാലെ പട്ടിക്കുട്ടികളെപ്പോലെ പിള്ളരും. പെറ്റുപിറന്ന പറമ്പിനോടും നട്ടുവളർത്തിയ മരങ്ങളോടും നനച്ചു ശുശ്രൂഷിച്ചുപോന്ന ചെടികളോടും കെട്ടിയുണ്ടാക്കിയ കുടിലിനോടും ഗ്രാമീണമട്ടിൽ ഇണങ്ങിയും പിണങ്ങിയും സഹവസിച്ചുപോന്ന കൃഷിക്കാരായ അയൽക്കാരോടും നിശ്ശബ്ദം യാത്ര പറഞ്ഞ്, തിരിഞ്ഞുനോക്കാതെ അവൻ ബദ്ധപ്പെട്ടു നടന്നു.*

മത്തായിയും കൂട്ടരും മലബാറിലേക്ക് യാത്രതിരിക്കുന്ന സന്ദർഭമാണിത്. ഏതാണ്ടെല്ലാവരും ഇങ്ങനെയൊക്കെത്തന്നെയാണ് പുറപ്പെടുന്നത്. അവർ പുറപ്പെട്ടുപോകാനുള്ള കാരണത്തെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

*അവിടെ മതപരമായ മർദ്ദനമില്ല. സാമുദായിക സംഘടനകളില്ല. രാജകീയ ദുഷ്പ്രഭുത്വത്തിന്റെ ചെരിപ്പുനക്കി ശംഖമുദ്രയുടെ മുമ്പിൽ പഞ്ചപുച്ഛമടക്കി ആശങ്കാകുലമായ നാളുകൾ കഴിക്കേണ്ട. പ്രകൃതിയുമായി ഒത്തിണങ്ങി സ്വാതന്ത്ര്യത്തോടെ ജീവിക്കാം.*

തിരുവിതാംകൂറിൽ അനുഭവിക്കേണ്ടിവന്ന യാതനകളിൽ നിന്നുള്ള സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു അവരെ സംബന്ധിച്ചിടത്തോളം അന്നോളം കണ്ടിട്ടില്ലാത്ത മലബാറിലേ ക്കുള്ള യാത്ര. കൃഷിഭൂമിക്കുവേണ്ടിയുള്ള കുടിയേറ്റം മാത്രമായിരു ന്നില്ല അവരുടെ ലക്ഷ്യമെന്നു വ്യക്തമാണ്. എന്നിട്ടും, വിഷകന്യ കയ്ക്ക് കുടിയേറ്റം പ്രമേയമാക്കിയ നോവൽ എന്ന വിശേഷണം കൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. വാസ്തവത്തിൽ, മലയാളത്തിലെ ഡയസ്പൊറ ജീവിതത്തിന്റെ ആരംഭം വിഷകന്യകയിൽ കാണാം.

ജനിച്ചുവളർന്ന ദേശത്തിന്റെ അടയാളങ്ങളും പേറിയാണ് അവരുടെ യാത്ര. ഇനിയൊരു മടക്കമില്ലെന്ന് മനസ്സിലുറപ്പിച്ചുകൊണ്ടാണ് ഓരോരുത്തരും ഇറങ്ങിത്തിരിക്കുന്നത്.

*മലബാറിലെ നാട്ടുമ്പുറങ്ങൾ ഇങ്ങനെതന്നെ കുന്നും വയലും ഇടകലർന്നു കിടക്കുന്നതായിരിക്കുമോ? അവിടത്തെ ഭാഷ നമുക്കു മനസ്സിലാകുമോ? മലയാളം തന്നെയാണോ അവിടെ സംസാരിക്കുന്നത്. പെരുച്ചാഴികളുടെയും പോലീസണ്ണന്മാരുടെയും ഉപദ്രവം അവിടെയുണ്ടാകുമോ? എന്തായാലും ഒരു കാര്യം തീർച്ചയാണ്. സ്വാമിയുടെ ബാധ അവിടെയുണ്ടാവുകയില്ല.*

എന്ന പ്രത്യാശയോടെയാണ് തിരുവിതാംകൂറിലെ ഓരോ ക്രിസ്ത്യാനിയും അക്കാലത്ത് മലബാറിലേക്ക് പുറപ്പെടുന്നത്. അതുകൊണ്ടുതന്നെയാണ് തിരുവിതാംകൂറിൽനിന്ന് മലബാറിലേക്കുള്ള കുടിയേറ്റത്തിന്റെ അനൗപചാരിക ചരിത്രം കൂടിയായി ഈ കൃതി മാറുന്നത്. മണ്ണിനോട് പൊരുതുന്ന മനുഷ്യർക്ക് എസ്. കെ. പൊറ്റെക്കാട്ട് തീർത്ത സ്മാരകമാണ് ഈ കൃതി എന്നാണ് വിഷകന്യകയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ പ്രസാധകനായ ഡി. സി. കിഴക്കേമുറി പറഞ്ഞത്.

മലബാറിൽ അവരെ കാത്തിരുന്നത് ഉഴുതുമറിക്കാനുള്ള മണ്ണ് മാത്രമായിരുന്നില്ല. മലമ്പനിയും മലമ്പാമ്പും അവർക്ക് താരതമ്യേന

പുതിയ അനുഭവങ്ങളായിരുന്നു. എല്ലാ ദുർഘടങ്ങളോടും പൊരുതാനുള്ള ത്രാണിയില്ലാത്തവർ വേഗം കീഴടങ്ങി. കണ്ണീരും വേദനയും വഞ്ചനയും നിരാശയും കാമവും കൂട്ടിക്കലർത്തി അവതരിപ്പിച്ചിരിക്കുന്ന ഈ കൃതി ഒരു കാലഘട്ടത്തെ അതീവഹൃദ്യമായി അവതരിപ്പിക്കുന്നുണ്ട്. മണ്ണിനോടും മലമ്പാമ്പിനോടും മലമ്പനിയോടും പൊരുതിത്തോറ്റുപോയ മനുഷ്യരുടെ കഥകൂടിയാണ് വിഷകന്യക.

ഡയസ്പൊറ ജീവിതങ്ങൾക്ക് ഒരു മടക്കയാത്ര സാധ്യമല്ല. അതേസമയം, സ്വന്തം ദേശത്ത് അവർ അനുഭവിച്ചിരുന്ന/ അനുഭവിക്കാൻ സാധ്യതയുണ്ടായിരുന്ന പലതും അവരോടൊപ്പം അന്യദേശത്തും പിന്തുടരുന്നുണ്ടാവും. അത്തരമൊരു വിശേഷത്തെ വിഷകന്യകയും ചിത്രീകരിക്കുന്നുണ്ട്. മലബാറിലേക്ക് കയറിപ്പോയ ക്രിസ്ത്യാനികളെ അന്വേഷിച്ച് ചില പാതിരിമാർ മലകയറി വരുന്നതാണ് അതിന്റെ ദൃഷ്ടാന്തം. മലബാറിലേക്കുവന്ന ക്രിസ്ത്യാനികൾ തെറ്റിലേക്ക് വഴിതെറ്റിപ്പോകാതിരിക്കാനാണ് പാതിരിമാർ മലകയറി എത്തുന്നത്. അവർ ആരാധനയ്ക്കുവേണ്ടി സ്ഥാപിച്ച താൽക്കാലിക ഷെഡ് ക്രമേണ പള്ളിയായി മാറുകയും അവിടെ പെരുന്നാൾ സംഘടിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഡയസ്പൊറ ജീവിതത്തിന്റെ സവിശേഷമായ ഒരു ലക്ഷണമാണത്.

എത്രമാത്രം തീവ്രമായി ആഗ്രഹിക്കുന്നുണ്ടെങ്കിലും ഡയസ്പൊറകൾക്ക് സ്വദേശത്തേക്ക് സ്വച്ഛമായ ഒരു മടക്കയാത്ര തരപ്പെടുകയില്ല. അഥവാ, അത്തരം ഒരു യാത്ര തരപ്പെട്ടാൽ അവർ അതീവ സന്തുഷ്ടരായിരിക്കും. എന്നാൽ, വിഷകന്യകയിലെ ഡയസ്പൊറകൾക്കുമുന്നിൽ അത്തരമൊരു സാധ്യത തുറന്നു കിട്ടുന്നുണ്ട്. പക്ഷേ, അതീവ ദുഃഖിതരായിട്ടാണ് അവർ മടക്കയാത്രയ്ക്ക് ഒരുങ്ങുന്നത്.

ചെകുത്താൻപാറക്കുന്നിൽ പാർക്കുന്ന കുഴിമാടത്തിൽ ഔസേപ്പ് തിരികെ പോകുമ്പോൾ ചെറിയൊരു കടലാസുപൊതിയിൽ കരുതുന്ന ഒരു നാഴി ചുവന്ന മണ്ണ് ഒരു പ്രതീകമാണ്. അതിനെക്കുറിച്ച് അയാൾ വലിയകുറുപ്പിന്റെ മുമ്പിൽ പറയുന്നത് ഇപ്രകാരമാണ്:

"ഞങ്ങൾ തിരുവിതാംകൂറിൽ നിന്ന് രണ്ടു പകാരങ്ങളെ പേടിച്ചിട്ടാണ് മലബാറിലേക്കു പോന്നത് - പട്ടിണിയും ഒരു പട്ടരും. അങ്ങനെ രണ്ടു പകാരങ്ങൾ ഇവിടെ രക്ഷ പ്രാപിച്ച ഞങ്ങളെ നശിപ്പിക്കാൻ മൂന്നു പകാരങ്ങൾ

ഒരുങ്ങിനിൽക്കുന്നുണ്ടായിരുന്നു - പുല്ല്, പന്നി, പനി, പോരേ പൂരം? പട്ടരെപ്പേടിച്ചു പാഞ്ഞു പോന്ന കൂട്ടരെ പുല്ലും പന്നിയും പനിയും നശിപ്പിച്ചു. ഞാനിതാ മടങ്ങിപ്പോവുകയായി.'

തൊണ്ടിയൻമലയിൽ നിന്നുള്ള അവരുടെ മടക്കവും ദുഷ്കരമായിരുന്നു. ഇനിയൊരു തിരിച്ചുപോക്ക് ഉണ്ടാവില്ല എന്ന വിശ്വാസത്തിന്മേലായിരുന്നു അവർ അവിടേക്ക് എത്തിയത്. അങ്ങനെ, കുടിയേറ്റമോ ഡയസ്പൊറയോ തുടരാൻ കഴിയാത്ത ഒരു ജനതയുടെ കഥയാണ് വിഷകന്യക എന്നു വ്യക്തമാകുന്നു.

വിഷകന്യക ഒരു വ്യക്തിയുടെ കഥയല്ല, മറിച്ച് ഒരു സമൂഹത്തിന്റെ കഥയാണ്. ജീവിക്കാൻ ത്രാണിയില്ലാതെ സ്വപ്നങ്ങൾ മെനഞ്ഞ് മലബാറിലേക്ക് യാത്ര തിരിക്കുന്ന ഒരു സമൂഹമാണ് ഇതിലെ നായകൻ. നായകനെ മാടിവിളിക്കുന്ന വിഷകന്യകയായ് ദുരിതം നിറഞ്ഞ ഒരു ജീവിതത്തിലേക്ക് തന്റെ ആശ്രിതരെ തള്ളിവിടുന്ന വിഷഭൂമി നായികയുടെ റോൾ കൈകാര്യം ചെയ്യുന്നു. മലയാളത്തിലെ ആദ്യ കുടിയേറ്റ നോവൽ എന്ന വിശേഷണത്തോടൊപ്പം മലയാളത്തലെ ആദ്യ ഡയസ്പൊറ ജീവിതചിത്രീകരണം നടത്തുന്ന നോവൽ എന്ന വിശേഷണവും വിഷകന്യകയ്ക്കു ചേരും.

കർണാടകയിലെ കുശാൽനഗർ എന്ന ടിബറ്റൻ പുനരധിവാസകേന്ദ്രത്തിന്റെ പശ്ചാത്തലത്തിൽ എ. പി. ജ്യോതിർമയി എഴുതിയ നോവലാണ് ക്രൂശിതരുടെ പ്രാർത്ഥനാ ചക്രം. 2012ലാണ് ഈ പുസ്തകം പ്രസിദ്ധീകൃതമാകുന്നത്. സ്വദേശം നഷ്ടപ്പെട്ട് ഇന്ത്യയിൽ അഭയംതേടിയ ടിബറ്റൻ അഭയാർത്ഥികളുടെ ജീവിതവും അവർ അനുഭവിക്കുന്ന അനാഥത്വവും ആണ് നോവലിന്റെ മുഖ്യവിഷയമെങ്കിലും അവർക്കിടയിൽ എത്തിപ്പെട്ട അഖില എന്ന അനാഥയാണ് കഥ മുന്നോട്ടു കൊണ്ടുപോകുന്നത്. കുശാൽനഗറിൽ അഖില പരിചയപ്പെടുന്ന അഭയാർത്ഥികളും അവരുടെ ജീവിതങ്ങളും സ്വപ്നങ്ങളും കൂടിച്ചേർന്നതാണ് ക്രൂശിതരുടെ പ്രാർത്ഥനാചക്രം.

ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ട അഖിലയ്ക്ക് വിവാഹജീവിതവും വിജയകരമായിരുന്നില്ല. ബുദ്ധിമാന്ദ്യവും വൈരൂപ്യവുമുള്ള ഒരു കുട്ടി ജനിക്കുന്നതോടെ ഭർത്താവിനും അയാളുടെ വീട്ടുകാർക്കും അവൾ അനഭിമതയാകുന്നു. ആദ്യം അഖില കടുത്ത ആശയക്കുഴപ്പത്തിലേക്ക് തെന്നിനീങ്ങുന്നു. കുഞ്ഞിനെ ഭർത്താവിന്റെ വീട്ടുകാർ കൊന്നുകളയാൻ

സാധ്യതയുണ്ട് എന്ന ആശങ്കയാണ് അവളെ കുശാൽ നഗറിലെ സ്കൂളിലേക്ക് കൊണ്ടെത്തിച്ചത്. സ്കൂളിലെ ജോലിയും ക്വാർട്ടേഴ്സ് ജീവിതവും അവൾക്ക് സുരക്ഷിതമായ അഭയസ്ഥാനമൊരുക്കുന്നു. അതിനിടയിലാണ് അനാഥകളും ദേശഭ്രഷ്ടരുമായ ഒരുകൂട്ടം സ്ത്രീകളുടെ ജീവിതംകൂടി ഈ നോവൽ വരച്ചുകാട്ടുന്നത്. സ്വദേശത്തേക്ക് ഇനിയൊരു മടക്കമില്ല എന്ന യാഥാർത്ഥ്യം മുന്നിൽ നിൽക്കുമ്പോഴും ചിരിച്ചുകൊണ്ട് ജീവിതത്തെ നേരിടുന്ന ടിബറ്റൻ സ്ത്രീകളെ ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്.

കുശാൽനഗർ എന്ന ടിബറ്റൻ പുനരുധിവാസകേന്ദ്രത്തിന്റെ പശ്ചാത്തലത്തിലാണ് നോവൽ ചുരുളഴിയുന്നതെങ്കിലും എന്നോ ഒരിക്കൽ നഷ്ടപ്പെട്ടുപോയ, ഇനി ഒരിക്കലും മടങ്ങിച്ചെല്ലാൻ കഴിയാത്ത ടിബറ്റ് എന്ന സ്വപ്നഭൂമികയെ കുറിച്ചുള്ള പരാമർശങ്ങൾ നോവലിൽ ഉടനീളം കാണാം. ഇന്ത്യയിലെ ജീവിതത്തിൽ ആ മനുഷ്യർക്ക് അതൃപ്തിയൊന്നുമില്ല. എങ്കിലും, സ്വന്തം ദേശം കാണാനുള്ള അദമ്യമായ ആഗ്രഹം എല്ലാവരിലും ഒരുപോലെയുണ്ട്. *ടിബറ്റിലേക്കു ചെന്നാൽ അവിടെ പരിചയക്കാർ ആരെങ്കിലുമുണ്ടാകുമോ?* എന്ന പഞ്ചയുടെ കുസൃതിച്ചോദ്യത്തിന് *പരിചയക്കാരുണ്ടായിട്ടാണോ മനുഷ്യർ സ്വന്തം നാട്ടിലേക്കു പോകുന്നത്?* എന്ന മറുചോദ്യംകൊണ്ട് തോഷ നേരിടുന്നുണ്ട്.

കുശാൽ നഗറിലെ പുനരധിവാസകേന്ദ്രം ടിബറ്റിന്റെ ഒരു ചെറുപതിപ്പാണ്. വേഷത്തിലും ഭാവത്തിലും ഭാഷയിലും ആചാരങ്ങളിലുമെല്ലാം സ്വന്തം ദേശത്തിന്റെ മുദ്രകൾ ഉണ്ടാവണമെന്നു കരുതുന്നവരുടെ താവളം കൂടിയാണ് അവിടം. സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികളെയും ദുരിതപൂർണമായ ജീവിതത്തെയും തീവ്രമായി ആവിഷ്കരിക്കാനും ജ്യോതിർമയിക്കു കഴിഞ്ഞിട്ടുണ്ട്.

ടിബറ്റൻ കോളനിയിലെ അന്തേവാസികൾക്കിടയിൽ കിടമത്സരങ്ങൾ പ്രകടമാണെങ്കിലും അവരെ ചേർത്തുനിർത്തുന്ന ഒരേയൊരു വികാരം ടിബറ്റ് എന്ന ദേശത്തിന്റെ മനസ്സിൽ മാത്രമുള്ള രേഖാചിത്രമാണ്.

ദേശഭ്രഷ്ടരാക്കപ്പെട്ടവരുടെ ജീവിതാവസ്ഥ ഇത്രമാത്രം വൈകാരികതീവ്രതയോടെ അവതരിപ്പിച്ച മറ്റൊരു നോവൽ മലയാളത്തിലില്ല. യഹൂദരെ പോലെ തന്നെ ദേശനഷ്ടം സംഭവിച്ച ഒരു ജനതയാണ് ടിബറ്റൻ സമൂഹം. അതുകൊണ്ടുതന്നെ, ഡയസ്പോറ പഠനത്തിൽ സവിശേഷ പ്രാധാന്യമർഹിക്കുന്ന ഒരു

മലയാളനോവലാണ് എ. പി. ജ്യോതിർമയി രചിച്ച ക്രൂശിതരുടെ പ്രാർത്ഥനാചക്രം. ചുങ്ങായി, തോഷ, ചെദൻ, പഞ്ച എന്നിങ്ങനെ കുറേ സ്ത്രീകളുടെ ഏകാന്തത വരച്ചുകാട്ടുന്ന ഒരു കൃതി കൂടിയാണിത്. '*ഒരു മോഹവും പ്രതീക്ഷയുമില്ലാതെ ജീവിക്കുന്നതും ഒരു സുഖമല്ലേ?*' എന്ന അഖിലയുടെ ചോദ്യത്തോടെയാണ് നോവൽ അവസാനിക്കുന്നത്.

ഇവിടെ പരാമർശിക്കാതെപോയ ചില നോവലുകൾ കൂടിയുണ്ട്. പി. കേശവദേവിന്റെ ഭ്രാന്താലയവും കാക്കനാടന്റെ ഒറോതയും ജുനൈദ് അബുബക്കറിന്റെ സഹറാവീയവും ഡയസ്പൊറ സാഹിത്യത്തിൽ പെടുത്താവുന്ന മലയാളനോവലുകളാണ്. ചില ഡയസ്പോറകൾ ഭൂപടത്തിൽ മാത്രമല്ല, മനസ്സിലും കുറിക്കാമെന്നു കാഫ്ക, കമ്യൂ, ജയിംസ് ജോയ്സ്, ഗുന്ദർഗ്രാസ്സ്, മിലൻ കുന്ദേര, നബക്കോവ് എന്നിവർ തങ്ങളുടെ രചനകളിലൂടെ കാട്ടിത്തന്നിട്ടുണ്ട് എന്ന കാര്യവും വിസ്മരിക്കാനാവില്ല. സാമ്രാജ്യത്വ ഇടപെടലുകളുടെ പരിസരങ്ങളിൽ ദേശം നഷ്ടമായ എത്രയോ കഥാപാത്രങ്ങൾ മലയാളനോവലുകളിലും മിന്നിമറഞ്ഞിട്ടുണ്ട്. ഏതായാലും, മലയാളത്തിലെ ഡയസ്പൊറ സാഹിത്യം പഠനവിഷയമാക്കുമ്പോൾ, കേരളത്തിന്റെ സവിശേഷ സാംസ്കാരിക പ്രാധാന്യം കണക്കിലെടുത്ത്, കുടിയേറ്റ സാഹിത്യത്തെ പ്രത്യേകം പരിഗണിക്കുന്നതാണ് നല്ലത്. കുടിയേറ്റ സാഹിത്യം, പ്രവാസ സാഹിത്യം, ഡയസ്പൊറ സാഹിത്യം എന്നിവയെല്ലാം സവിശേഷപഠനം അർഹിക്കുന്ന മേഖലകളുമാണ്.

**ഗ്രന്ഥസൂചി**


കുമാർ, ജെ. & ഷിജു, കെ. (എഡി.) (2018), *ആധുനികാനന്തര മലയാള നോവൽ*, തിരുവനന്തപുരം: മാലുബൻ പബ്ലിക്കേഷൻസ്.

ജ്യോതിർമയി, എ. പി. (2012), *ക്രൂശിതരുടെ പ്രാർത്ഥനാചക്രം*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

പൊറ്റെക്കാട്ട്, എസ്. കെ. (2008), *വിഷകന്യക*. കോട്ടയം: ഡി. സി. ബുക്സ്.

മാത്യു ഉലകംതറ. (1984), *സാഹിത്യപീഠിക*. കോട്ടയം: ഡി. സി. ബുക്സ്.

ശിവദാസ്, കെ. കെ. (2019), *പ്രവാസം: പ്രതിനിധാനവും സർഗ്ഗാത്മകതയും*. കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക.

ശിവദാസ്, കെ. കെ. (2018), "വിവർത്തനവും ഡയസ്പൊറയുടെ ജീവിതവും". *വിവർത്തന താരതമ്യപഠനത്തിലെ നൂതന പ്രവണതകൾ*. എഡി. മുഹമ്മദ് റാഫി, എൻ. വി. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

ബെന്യാമിൻ. ഗൾഫ് മലയാളിയും ഡയസ്പോറ സാഹിത്യവും. *മണലെഴുത്ത്*. 10 മാർച്ച് 2007. 7

Fumanti, Mattia. (2016) *The Politics of Distinction: African Elites from Colonialism*




ISSN:2582-550X

ISSN:2582-550X

to Liberation in a Namibian Frontier Town. UK: Sean Kingston Publishing.
Mukherjee, Meenakshi. (2001) *The Perishable Empire or The Perishable Empire: Essays on Indian Writing in English.* UK: Oxford University Press.
Parish, Jean Deborah. *Walk with Me.* South Carolina: Createspace Independent Publishing Platform, 2016. August 2019. <http.//manalezhuthu.blogspot.com>.

ഡോ. അശോക് ഡിക്രൂസ്
അസിസ്റ്റന്റ് പ്രൊഫസർ
സാഹിത്യരചനാ വിഭാഗം
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
Pin: 676502
Ph: +91 9447060757
Email: drashok@temu.ac.in
ORCID: 0009-0005-4065-330X